(സി) നിലവിലുള്ള നിയമപ്രകാരം ഇക്കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷിക്കേണ്ടതാണ്. സർക്കാർതലത്തിൽ നടപടി ആവശ്യമെന്നു കാണുന്നപക്ഷം അക്കാര്യം പരിശോധിക്കുന്നതാണ്.

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഡെപ്യൂട്ടേഷൻ നിയമനം പിൻവലിക്കാൻ നടപടി

6 (*755) ശ്രീ. എം. കുമാരൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര അദ്ധ്യാപകർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവരുടെ പേരും തസ്തികയും ജോലി ചെയ്യുന്ന സ്വാശ്രയ സ്ഥാപനങ്ങളുടെ പേരും വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ ഉള്ളപ്പോൾ അദ്ധ്യാപകരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്വാശ്രയകോളേജുകൾക്ക് വിട്ടുകൊടുത്തതു വഴി മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തിന് തടസ്സമുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സർക്കാർ വ്യവസ്ഥകൾ അംഗീകരിക്കാത്ത സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിപ്പിക്കുന്ന മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ ഡെപ്യൂട്ടേഷൻ പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

(ഇ) ഇപ്രകാരം ഒരു തീരുമാനമെടുത്തിട്ടുണ്ട് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ [G.O. (Rt.) No. 2253/03/H&FWD. dated, 28-7-2003] പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[30-7-2003-ലെ 6 (*755)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

GOVERNMENT OF KERALA

Abstract

HEALTH AND FAMILY WELFARE DEPARTMENT—ESTT. DEPUTATION OF SENIOR DOCTORS TO SELF-FINANCING MEDICAL COLLEGES IN THE STATE—REVIEW OF DEPUTATION-ORDERS ISSUED

HEALTH AND FAMILY WELFARE (S) DEPARTMENT

G.O.(Rt.) No. 2253/03/H&FWD. *Dated, Thiruvananthapuram, 28-7-2003.*

ORDER

Government Order that deputation of Senior doctors in the Government Service to the Self -financing Medical Colleges should be discouraged and no deputation of the doctors should be allowed especially to the Self Financing Medical Colleges which do not comply with the State Government directions. The deputation of the doctors allowed to such Self-financing Medical Colleges should be reviewed.

By order of the Governor,

B. P. SUPRABHA,

Joint Secretary to Government

To

The Director of Medical Education, Thiruvananthapuram.

The Director of Health Services, Thiruvananthapuram.

The Director of Ayurveda Medical Education, Thiruvananthapuram.

The Principal and Controlling Officer, Government Homoeopathy Medical College, Thiruvananthapuram.

The Health and Family Welfare (A, B, C, D, E, J, K) Departments.

The General Administration (SC) vide.....)

Stock File/Copy.

LIBRARY ARCHIVES Kerala Legislative Assembly